# പതിനാലാം കേരള നിയമസഭ

## ബുള്ളറ്റിൻ ഭാഗം - 2

2018 ആഗസ്റ്റ് 03

നമ്പർ : **524**

### ഫെസ്റ്റിവൽ ഓൺ ഡെമോക്രസി - രാഷ്ട്രപതിയുടെ സന്ദർശനം - ഫോട്ടോ സെഷൻ സംബന്ധിച്ച്

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഔപചാരികമായ ഉദ്ഘാടനം ആദരണീയനായ രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് 2018 ആഗസ്റ്റ് 6 (തിങ്കളാഴ്ച) രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിൽ നിർവ്വഹിക്കുന്നതാണ്. ആദരണീയനായ രാഷ്ട്രപതി നിയമസഭാ മന്ദിരത്തിൽ എത്തിച്ചേർന്നാൽ ആദ്യപരിപാടി ഫോട്ടോ സെഷൻ ആയതിനാൽ രാവിലെ 10.50 മണിക്ക് ബഹു. നിയമസഭാംഗങ്ങൾ ഗ്രൂപ്പ് ഫോട്ടോക്കായി മെംബേഴ്സ് ലോഞ്ചിൽ ക്രമീകരിച്ചിട്ടുള്ള സ്ഥാനത്ത് തയ്യാറായി നിൽക്കേണ്ടതാണ്. ബഹു. രാഷ്ട്രപതിയുമായുള്ള ഫോട്ടോ സെഷൻ കഴിഞ്ഞാലുടനെ ബഹു. നിയമസഭാംഗങ്ങൾ ഉദ്ഘാടന പന്തലിൽ സ്വന്തം ഇരിപ്പിടങ്ങളിലേക്ക് പോകേണ്ടതാണ്. പുതുക്കിയ മിനുട്ട് ടു മിനുട്ട് പ്രോഗ്രാം എല്ലാ നിയമസഭാംഗങ്ങൾക്കും പ്രത്യേകം അയച്ചിട്ടുണ്ട്.

വി. കെ. ബാബുപ്രകാശ്,

സെക്രട്ടറി.